2
ഏപ്രിൽ 2016
ശനി
1191 മീനം 20

മലയാള മനോരമ
ESTABLISHED 1888

കോട്ടയം
26 പേജ്
₹ 6.50
**

കോട്ടയം | കോഴിക്കോട് | കൊച്ചി | തിരുവനന്തപുരം | പാലക്കാട് | കണ്ണൂർ | കൊല്ലം | തൃശൂർ | മലപ്പുറം | പത്തനംതിട്ട | ആലപ്പുഴ | മുംബൈ | ചെന്നൈ | ബെംഗളൂരു | ഡൽഹി | മംഗളൂരു | ബഹ്റൈൻ | ദുബായ് | ദോഹ ISSN-0972-0022 www.manoramaonline.com

# ഓട്ടിസം: ചെറുപ്പത്തിലേ കണ്ടെത്തണം, പരിശീലനം തുടങ്ങണം

ഇന്നു രാജ്യാന്തര ഓട്ടിസം ബോധവൽക്കരണ ദിനമാണല്ലോ. ഓട്ടിസം ബാധിതരുടെ എണ്ണം പതിനഞ്ചുവർഷം മുൻപ് 2500ൽ ഒന്നായിരുന്നെങ്കിൽ പുതിയ പഠനങ്ങൾ വെളിപ്പെടുത്തുന്നത് ഇപ്പോൾ 68 കുട്ടികളിൽ ഒരാൾ ഓട്ടിസം ബാധിതനാണെന്നാണ്. ഇന്ത്യയിൽ രണ്ടുവയസ്സിനും ഒൻപതുവയസ്സിനും ഇടയിൽ ഒരുകോടി കുട്ടികൾ ഓട്ടിസം ബാധിതരാണ്.

ഓട്ടിസം രോഗമോ ബുദ്ധിമാന്ദ്യമോ അല്ല. ചുറ്റും നടക്കുന്ന കാര്യങ്ങൾ മറ്റുള്ളവരെപ്പോലെ മനസ്സിലാക്കാനോ കാണുന്നതും കേൾക്കുന്നതുമൊക്കെ ഏകീകരിച്ചു പ്രവർത്തിക്കാനോ പ്രതികരിക്കാനോ കഴിയാതെവരുന്ന തലച്ചോറിന്റെ പ്രത്യേക അവസ്ഥയാണ്.

മൂന്നു പ്രധാന മേഖലകളിലാണ് ഓട്ടിസം ബാധിതർക്കു പ്രയാസമുണ്ടാകുന്നത്. 1. ആശയവിനിമയം: മറ്റു കുട്ടികളെപ്പോലെ സംസാരഭാഷ മനസ്സിലാക്കാനോ ഉപയോഗിക്കുന്നതിനോ കഴിയാതെ വരിക. രണ്ടുവയസ്സായിട്ടും കുട്ടി ആവശ്യങ്ങൾ പറഞ്ഞുതുടങ്ങാതെ വരിക. ശബ്ദങ്ങളോടോ വാക്കുകളോടോ പ്രതികരിക്കാതെയിരിക്കുക. 2. സാമൂഹിക ഇടപെടലുകൾ: നമ്മൾ സംസാരിക്കുമ്പോൾ മുഖത്തേക്കു നോക്കാൻ കഴിയാതെ വരിക. മറ്റുള്ള കുട്ടികളുമായി ഇടപെടുന്നതിനോ അവരുടെ വികാരങ്ങൾ മനസ്സിലാക്കുന്നതിനോ കഴിയാതെ

വരിക. എപ്പോഴും സ്വന്തം ലോകത്തുതന്നെ മുഴുകിയിരിക്കുക. ചുറ്റുമുള്ള ആളുകളെ ശ്രദ്ധിക്കാത്തതുപോലെ പെരുമാറുക. 3. പെരുമാറ്റം: അടങ്ങിയിരിക്കാൻ കഴിയാതെ വരിക. കൈകൊണ്ടു പ്രത്യേക ചേഷ്ടകൾ ആവർത്തിച്ചു ചെയ്തുകൊണ്ടിരിക്കുക. കളിപ്പാട്ടങ്ങൾ ഉപയോഗിച്ച് അർഥപൂർവം കളിക്കാൻ കഴിയാതെ വരിക.

മേൽപ്പറഞ്ഞ പ്രാരംഭ ലക്ഷണങ്ങൾ കണ്ടുതുടങ്ങുമ്പോൾത്തന്നെ കുട്ടികളെ വിശദ പരിശോധനയ്ക്കു വിധേയരാക്കണം.

ഏറ്റവും ചെറിയ പ്രായത്തിൽത്തന്നെ പരിശീലനം തുടങ്ങുന്നത് ഓട്ടിസത്തിനു ഫലപ്രദമായ പരിഹാരമുണ്ടാകുന്നതിനു മുഖ്യഘടകമാണ്. ചികിൽസ വൈകുന്തോറും സുഖപ്പെടാനുള്ള സാധ്യത കുറയും.

**ഡോ. ജയിംസൺ സാമുവൽ**
ഡയറക്ടർ
ജ്യുവൽ ഓട്ടിസം സെന്റർ
ആൻഡ് ചൈൽഡ്
ഡവലപ്മെന്റ് സെന്റർ
കോട്ടയം